2025 APRIL
29
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കുതിപ്പിൽ വിപണി: സെൻസെക്സ് നേട്ടം 1,000 പോയന്റ്

**മുംബൈ:** വിപണിയിൽ ഇന്നലെ വൻ കുതിപ്പ്. റിലയൻസ് ഇൻഡസ്ട്രീസ് പ്രതീക്ഷിച്ചതിലും മികച്ച പ്രവർത്തന ഫലം പുറത്തുവിട്ടതും ഏഷ്യൻ വിപണികളിലെ അനുകൂല ഘടകങ്ങളും ആഗോള സാഹചര്യങ്ങളും തിങ്കളാഴ്ചയിലെ കുതിപ്പിന് കാരണമായി. ഇന്ത്യപാക് സാഹചര്യം വഷളാകുന്നതിന്റെ ഇടയിലാണ് ഈ നേട്ടമെന്നതും ശ്രദ്ധേയമാണ്.

ഉച്ചയ്ക്ക് ശേഷമുള്ള വ്യാപാരത്തിനിടെ സെൻസെക്സ് 1,000 പോയന്റ് നേട്ടത്തോടെ 80,200 നിലവാരത്തിലെത്തി. നിഫ്റ്റിയാകട്ടെ 300 പോയന്റ് ഉയർന്ന് 24,300വും പിന്നിട്ടു. നിഫ്റ്റി ഐടി ഒഴികെയുള്ള സെക്ടറൽ സൂചികകളിൽ നേട്ടത്തിലാണ് വ്യാപാരം നടന്നത്. പൊതുമേഖല ബാങ്ക്, ഉപഭോക്തൃ ഉത്പന്നം, ഓയിൽ ആൻഡ് ഗ്യാസ്, സ്വകാര്യ ബാങ്ക് എന്നീ സൂചികകൾ ഒരു ശതമാനത്തിലധികം ഉയർന്നു. ഇതോടെ ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ മൊത്തം വിപണി മൂല്യം 2.9 ലക്ഷം കോടി വർധിച്ച് 424.46 ലക്ഷം കോടിയിലെത്തി.



വിദേശ നിക്ഷേപകരുടെ തുടർച്ചയായ വാങ്ങൽ താത്പര്യം നിക്ഷേപകരിൽ ആത്മവിശ്വാസമുയർത്തി. എട്ട് ദിവസത്തിനിടെ 32,465 കോടി രൂപയുടെ നിക്ഷേപമാണ് അവർ നടത്തിയത്. യുഎസ് വിപണിയിലെ തകർച്ച, കടപ്പത്ര ആദായത്തിലെ ഇടിവ്, ഡോളറിന്റെ ദുർബലാവസ്ഥ എന്നിവയാണ് വിദേശികളുടെ തിരിച്ചുവരവിന് പിന്നിൽ. ദുർബലമാകുന്ന യുഎസിലെ സാമ്പത്തിക സാഹചര്യവും മൂല്യമിടിയുന്ന ഡോളറും വിദേശികളെ ഇന്ത്യയിലേയ്ക്ക് ആകർഷിച്ചു. തുടർന്നുള്ള ദിവസങ്ങളിലും വിദേശ ഒഴുക്ക് ഉണ്ടായേക്കാമെന്നാണ് വിലയിരുത്തൽ.റീട്ടെയിൽ, ഡിജിറ്റൽ ബിസിനസുകളിലെ മികച്ച പ്രകടനത്തിന്റെ പിൻബലത്തിൽ പ്രതീക്ഷിച്ചതിലും മികച്ച നാലാംപാദ ഫലങ്ങളാണ് റിലയൻസ് പുറത്തുവിട്ടത്. ഇതോടെ കമ്പനിയുടെ ഓഹരി വിലയിൽ നാല് ശതമാനത്തോളം മുന്നേറ്റമുണ്ടായി. റിലയൻസിന്റെ മാത്രം പ്രകടനത്തിലൂടെ സെൻസെക്സിന് 300 പോയന്റോളം നേട്ടമുണ്ടാക്കാനായി.ഡോളറിന്റെ തകർച്ച ഇന്ത്യപോലുള്ള വികസ്വര വിപണികളിൽ ഉത്സവാന്തരീക്ഷമുണ്ടാക്കുക സ്വാഭാവികമാണല്ലോ. വിദേശ നിക്ഷേപം ആകർഷിക്കാനും രൂപയെ പിന്തുണയ്ക്കാനും ഡോളറിന്റെ നഷ്ടം സഹായകരമാകും. ഫെബ്രുവരി ആദ്യ ആഴ്ചയിലെ 109 നിലവാരത്തിൽ നിന്ന് ഡോളർ സൂചിക 99.60ലേയ്ക്ക് താഴ്ന്നിരിക്കുന്നു. ഡോളറിൽനിന്ന് മറ്റ് ആസ്തികലിലേയ്ക്ക് നിക്ഷേപം ഒഴുകാൻ അതിടയാക്കി.

അസംസ്കൃത എണ്ണ വില ബാരലിന് 67 ഡോളറിന് താഴെയെത്തിയിരിക്കുന്നു. പണപ്പെരുപ്പ ആശങ്കകൾ കുറയാൻ എണ്ണ വിലയിടിവ് മാത്രംമതി. പ്രധാന ഇറക്കുമതി രാജ്യമായ ഇന്ത്യയ്ക്ക് എണ്ണ വിലയിടിവ് അനുകൂലമാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. വ്യാപാര കമ്മി, പണപ്പെരുപ്പം എന്നിവയ്ക്ക് കാര്യമായ ആശ്വാസമാണ് ഇതിലൂടെ ലഭിക്കുക.

ഏഷ്യൻ സൂചികകളിലെ മുന്നേറ്റവും തിങ്കളാഴ്ച കുതിപ്പിന് കരുത്തേകി. ഏഷ്യപസഫിക് ഓഹരികളുടെ എം.എസ്.സി.ഐ സൂചിക ഒരുശതമാനത്തോളം നേട്ടമുണ്ടാക്കി. ചൈന ഉൾപ്പടെയുള്ള രാജ്യങ്ങളുമായി യുഎസ് നടത്തുന്ന വ്യാപാര ചർച്ചകളിലെ പുരോഗതിയും വിപണി നേട്ടമാക്കി.



# 63,000 കോടി രൂപയുടെ റഫാൽ കരാറിൽ ഒപ്പുവച്ച് ഇന്ത്യയും ഫ്രാൻസും

**ന്യൂഡൽഹി:** റഫാൽ യുദ്ധവിമാന കരാറിൽ ഒപ്പുവച്ച് ഇന്ത്യയും ഫ്രാൻസും. 63,000 കോടി രൂപയുടെ കരാറിലാണ് ഇരു രാജ്യങ്ങളും ഒപ്പുവച്ചത്. നാവികസേനയ്ക്കായി മറീൻ (റഫാൽ എം) വിഭാഗത്തിലുള്ള യുദ്ധവിമാനമാണ് ഫ്രാൻസിൽനിന്ന് ഇന്ത്യ വാങ്ങുക. 22 സിംഗിൾ സീറ്റർ ജെറ്റുകളും നാല് ഇരട്ട സീറ്റ് ട്രെയിനർ വിമാനങ്ങളും വാങ്ങുന്നതിനാണ് കരാർ. 2031 ഓടെ വിമാനങ്ങൾ ഇന്ത്യയ്ക്ക് കൈമാറുമെന്നാണ് പ്രതീക്ഷ. ഫ്രാൻസുമായുള്ള ഇന്ത്യയുടെ ഏറ്റവും വലിയ പ്രതിരോധ കരാറാണിത്.

നാവികസേനയുടെ വിമാനവാഹിനി കപ്പലുകളായ ഐഎൻഎസ് വിക്രാന്ത്, ഐഎൻഎസ് വിക്രമാദിത്യ എന്നിവയിൽ റഫാൽ എം വിമാനങ്ങൾ വിന്യസിക്കാനാണ് തീരുമാനം. കാലപ്പഴക്കം മൂലം നിലവിലുള്ള മിഗ്29കെ യുദ്ധവിമാനങ്ങൾക്കു പകരമായിട്ടാണ് റഫാൽ എം വരുക. രാജ്യത്തിന്റെ സമുദ്രശക്തി വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് കരാർ. ലോകത്തെ ഏറ്റവും ആധുനികമായ നാവിക പോർവിമാനമായാണ് റഫാൽ എം വിലയിരുത്തപ്പെടുന്നത്. നിലവിൽ ഫ്രഞ്ച് നാവികസേനയ്ക്കു മാത്രമാണ് റഫാൽ എം പോർവിമാനങ്ങളുള്ളത്.

കരാറിലൂടെ ഇന്ത്യയും ഫ്രാൻസുമായുള്ള തന്ത്രപ്രധാന ബന്ധം ഊട്ടിയുറപ്പിക്കാനും സാധിക്കും. നിലവിൽ 36 റഫാൽ വിമാനങ്ങൾ വ്യോമസേനയുടെ ഭാഗമാണ്.

# സംവിധായകൻ ഷാജി എൻ കരുൺ അന്തരിച്ചു



**കൊച്ചി:** ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ ഷാജി എൻ കരുൺ (73) അന്തരിച്ചു. ഏറെ നാളായി അർബുദബാധയെ തുടർന്ന് ചികിൽസയിലായിരുന്ന ഷാജി എൻ കരുണിന്റെ അന്ത്യം വൈകിട്ട് അഞ്ചു മണിയോടെ തിരുവനന്തപുരം വഴുതക്കാട്ടെ വസതിയിൽ വെച്ചായിരുന്നു സംഭവിച്ചത്.സ്കൂൾ, കോളജ് വിദ്യാഭ്യാസത്തിനു ശേഷം പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന ഷാജി എൻ കരുൺ 1975 ൽ ഛായാഗ്രഹണത്തിൽ ഡിപ്ലോമ നേടി. പിന്നീട് കുറച്ചു കാലത്തെ മദ്രാസ് ജീവിതത്തിനു ശേഷം സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഫിലിം ഓഫിസറായി ജോലിയിൽ പ്രവേശിച്ചു. ഇതിനിടയിലാണ് പ്രമുഖ സംവിധായകനായ ജി അരവിന്ദനൊപ്പം ഷാജി എൻ കരുൺ ചേരുന്നത്. പിന്നീട് കെ.ജി ജോർജ്ജ്, എം.ടി വാസുദേവൻ നായർ എന്നിവരുടെ ചിത്രങ്ങൾക്കും അദ്ദേഹം ക്യാമറ ചലിപ്പിച്ചു. 40 ലധികം ചിത്രങ്ങൾക്ക് ഷാജി എൻ കരുൺ ക്യാമറ ചലിപ്പിച്ചിരുന്നു.കാഞ്ചന സീത, എസ്താപ്പാൻ, തമ്പ്, കുമ്മാട്ടി, പോക്കുവെയിൽ, ചിംദംബരം, ഒരിടത്ത് തുടങ്ങിയവാണ് അദ്ദേഹം കാമറ ചലിപ്പിച്ച പ്രധാന ചിത്രങ്ങൾ.1988 ൽ പിറവിയാണ് അദ്ദേഹം സംവിധാനം ചെയ്ത ആദ്യ ചിത്രം. ഇതിന് കാൻഫിലിം ഫെസ്റ്റിവലിൽ ഗോൾഡൻ കാമറ പ്രത്യേക പുരസ്ക്കാരം ലഭിച്ചിരുന്നു. 94 ൽ ചെയ്ത സ്വം എന്ന ചിത്രം കാൻ ഫിലിം ഫെസ്റ്റിവലിൽ മൽസര വിഭാഗത്തിൽ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. 99 ൽ മോഹൻലാലിനെ നായകനാക്കി ചെയത് വാനപ്രസ്ഥം ഏറെ ശ്രദ്ധ പിടിച്ചുപറ്റിയ ചിത്രമായിരുന്നു. 2009 ൽ മമ്മൂട്ടിയെ നായകനാക്കി കുട്ടിസ്രാങ്ക് എന്ന ചിത്രവും ചെയ്തിരുന്നു. നിരവധി ലഘുചിത്രങ്ങളും അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. സംസ്ഥാന, ദേശീയ അവാർഡ്, ജെ.സി ഡാനിയേൽ പുരസ്ക്കാരം അടക്കം നിരവധി അവാർഡുകളും ഷാജി എൻ കരുണിനെ തേടിയെത്തിയിരുന്നു. കേരള ചലച്ചിത്ര അക്കാദമി,ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള എന്നിവയുടെ അധ്യക്ഷനായും ഷാജി എൻ കരുൺ പ്രവർത്തിച്ചിട്ടുണ്ട്

This is an advertisement for information purpose and is not a prospectus announcement.
CREDIT RATING CRISIL BBB-/ STABLE
UP TO
DOUBLE RETURNS*
ICL
ICL Fincorp
SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD
APPLY NOW
+91 85890 20137
+91 85890 20186
*BASED ON EFFECTIVE YIELD ON CUMULATIVE BASIS UNDER OPTION X, 68 MONTHS, TDS AS APPLICABLE.
ISSUE OPENS ON: APRIL 25, 2025 (FRIDAY)
ISSUE CLOSES ON: MAY 09, 2025 (FRIDAY)*
*The Issue shall remain open for subscription on Working Days from 10:00 a.m. to 5:00 p.m. (Indian Standard Time), during the period indicated above, except that the Issue may close on such earlier date or extended date as may be decided by the Board of Directors of our Company or the Debenture Issue Committee, subject to relevant approvals (subject to a minimum period of two working days and a maximum period of 10 working days from the date of opening of this Issue). In the event of an early closure or extension of the Issue, our Company shall ensure that notice of such early closure or extension is given to the prospective investors through an advertisement in a national daily newspaper and a regional daily newspaper in Tamil Nadu where the registered office is located, with wide circulation on or before such earlier date or extended date of closure. Application Forms for the Issue will be accepted only from 10:00 a.m. to 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange, on Working Days during the Issue Period. On the Issue Closing Date, Application Forms will be accepted only between 10:00 a.m. to 3:00 p.m. and uploaded until 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange.

# അനധികൃത കച്ചവടങ്ങൾക്കെതിരെയും അനധികൃത നിലം നികത്തലിനെതിരെയും കർശന നടപടി

**ആലപ്പുഴ:** ബീച്ചിലെ അനധികൃത കച്ചവടം നിയന്ത്രിക്കുന്നതിനും തോന്നിയപോലെ കടകൾ സ്ഥാപിക്കുന്നത് തടയുന്നതിനും അമ്പലപ്പുഴ, ആലപ്പുഴ എംഎൽഎമാരുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചു ചേർക്കാൻ ജില്ലാ വികസന സമിതി യോഗത്തിൽ തീരുമാനം.

ബീച്ചിലെത്തുന്ന സഞ്ചാരികൾക്ക് സുഗമമായ സഞ്ചാരം ഉറപ്പു വരുത്തണമെന്നും പൊതുപരിപാടികൾ സ്വതന്ത്രമായി നടത്താൻ കഴിയുന്ന രീതിയിലേക്ക് കടകൾ മാറ്റി സ്ഥാപിക്കണമെന്നും പി.പി.ചിത്തരഞ്ജൻ എം എൽ എ യോഗത്തിൽ ആവശ്യപ്പെട്ടു.

ലഹരിമരുന്ന് വിൽപ്പന, സാമൂഹികവിരുദ്ധപ്രവർത്തനങ്ങൾ എന്നിവ തടഞ്ഞ് ജില്ലയിലെ എല്ലാ ബീച്ചുകളും സുരക്ഷിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനും യോഗം എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനായി പൊലീസും എക്സൈസും ആലപ്പുഴ ബീച്ചിൽ സംയുക്ത പരിശോധന ശക്തമാക്കുകയും അഞ്ച് എൻഡിപിഎസ് കേസുകളിലായി 3.389 കിലോ ഗ്രാം കഞ്ചാവും 15 കോട്പ കേസുകളും കണ്ടെത്തിയിട്ടുണ്ട് എന്ന് ആലപ്പുഴ എക്സൈസ് കമ്മീഷണർ യോഗത്തെ അറിയിച്ചു . പൊലീസും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സുമായും ചേർന്ന് സംയുക്ത പരിശോധനയും ഹോം സ്റ്റേ, റിസോർട്ട് പരിശോധനയും നടത്തിയിട്ടുണ്ട്. തുടർന്നും പരിശോധന ശക്തമാക്കുമെന്നും അറിയിച്ചു.

ആലപ്പുഴ ബീച്ചിൽ അനധികൃതമായി പ്ലാസ്റ്റിക് ഷീറ്റ് വലിച്ചുകെട്ടി അധികം സ്ഥലം ഉപയോഗിക്കുന്നത് തടയുന്നതിനും അനധികൃതമായി കസേരകൾ ഇടുന്നത് ഒഴിവാക്കുന്നതിനും യഥാർത്ഥ ലൈസൻസികൾ തന്നെയാണ് കച്ചവടം നടത്തുന്നത് എന്നതും ഉറപ്പ് വരുത്താൻ നടത്തിയ പരിശോധനയിൽ 14 ലൈസൻസികൾക്ക് എതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പോർട്ട് ഓഫീസർ അറിയിച്ചു .

അമ്പലപ്പുഴ ഭക്ഷ്യ സുരക്ഷ ഓഫീസറുടെ നേതൃത്വത്തിൽ ബീച്ചിലെ കടകളിൽ വിൽപ്പന നടത്തുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് നടത്തിയ പരിശോധനയിൽ വൃത്തികരമല്ലാത്തതും അനധികൃതമായി മായം ചേർക്കുന്നതും ശ്രദ്ധയിൽപ്പെടുകയും ഇത്തരത്തിലുള്ള 10ഓളം കച്ചവടകാർക്ക് നോട്ടീസ് നൽകുകയും പിഴ ഈടാക്കുകയും ചെയ്തതായി പോർട്ട് ഓഫീസർ അറിയിച്ചു.

അനധികൃത നിലംനികത്തൽ പുറമ്പോക്കു കൈയേറ്റം എന്നിവക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ജില്ലാ വികസന സമിതി യോഗത്തിൽ എച്ച് സലാം എം എൽ എ പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട നിയമ നടപടികൾ വേഗത്തിൽ പൂർത്തിയാക്കണമെന്നും എം എൽ എ പറഞ്ഞു. അനധികൃത നിലം നികത്ത് കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിന് താലൂക്ക് തലത്തിൽ പ്രത്യേകം സ്ക്വാഡ് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു എന്ന് ഭൂപരിഷ്കരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ജില്ലാ വികസന സമിതിയെ അറിയിച്ചു.കൈതവന പഴയ നടക്കാവ് റോഡിന്റെ ശേഷിക്കുന്ന നിർമ്മാണം തിങ്കളാഴ്ച മുതൽ ആരംഭിക്കും എന്ന് കേരള റോഡ് ഫണ്ട് ബോർഡ് എക്സിക്യൂട്ടീവ് എൻജിനീയർ ജില്ലാ വികസന സമിതി യോഗത്തിൽ എച്ച് സലാം എംഎൽഎ അറിയിച്ചു.

നിലവിലുള്ള പാലത്തിന്റെ കിഴക്ക് വശം പുന്നമട റോഡിലെ പൈലിങ് പ്രവർത്തികൾ പുരോഗമിക്കുന്നു. ആകെയുള്ള 168 പൈലുകളിൽ 30 എണ്ണം പൂർത്തീകരിച്ചു. പഴയ ബോട്ട് ജെട്ടി പൊളിച്ചു നീക്കുന്നത് അവസാന ഘട്ടത്തിലാണ്. വാടക്കനാലിനു കറുകെയുള്ള ഡീവിയേഷൻ റോഡിന്റെ പ്രവർത്തി പൂർത്തീകരിച്ചു. ജില്ലാ കോടതി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട എച്ച് സലാം എം എൽ എ യുടെ ചോദ്യത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി.

കാക്കത്തുരുത്ത് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ചോദ്യത്തിന് ഏറ്റെടുത്ത ഭൂമി കെ ആർ എഫ് ബിയ്ക്ക് കൈമാറി കിട്ടി. ഏറ്റെടുത്ത ഭൂമിയിലെ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനായി എംഎസ്ടിസി മുഖേനയുള്ള ലേല നടപടികൾ പുരോഗമിക്കുന്നുവെന്ന് കെ ആർ എഫ് ബി എക്സിക്യൂട്ടീവ് എൻജിനീയർ ദലീമ എംഎൽഎയെ അറിയിച്ചു.

അരൂക്കുറ്റി മുതൽ ചേർത്തല വരെയുള്ള റോഡുകളിൽ അപകടം പതിവാകുന്ന സാഹചര്യം ദലീമ എംഎൽഎ വികസന സമിതി യോഗത്തിൽ അറിയിച്ചു.

# വിത്തും കൈക്കോട്ടും കാർഷികോത്സവം സംഘടിപ്പിച്ചു

**കൊച്ചി:** കർഷകരാണ് യഥാർത്ഥ രാഷ്ട്ര സേവകരെന്ന് വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി. കൾച്ചറൽ സൊസൈറ്റി ഓഫ് അങ്കമാലി (സി.എസ്.എ) സംഘടിപ്പിച്ച വിത്തും കൈക്കോട്ടും കാർഷികോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു കൃഷ്ണൻകുട്ടി.

ഒരു കാലത്ത് ജില്ലാ കളക്ടർമാരേക്കാൾ വരുമാനമുണ്ടായിരുന്ന കർഷകരുടെ നിലവിലെ സ്ഥിതി ദുരിത പൂർണ്ണമാണ്. കാർഷിക മേഖലയിലെ കോർപ്പറേറ്റ് വൽക്കരണം ചെറുകിട കർഷകരുടെ ജീവിതം ദുഷ്കരമാക്കുന്നു. അതേസമയം കർഷക വിരുദ്ധ സമീപനങ്ങൾ ആരും ചർച്ച ചെയ്യാത്ത സാഹചര്യമാണ് ഇന്നുള്ളതെന്നും മന്ത്രി പറഞ്ഞു.

അനേകം കർഷകർ മറ്റു തൊഴിൽ മേഖലകളിലേക്ക് മാറുന്ന സ്ഥിതിയാണുള്ളത്. കാർഷിക മേഖലയെ ഉന്നതിയിലേക്ക് എത്തിക്കുന്നതിന് രാഷ്ട്രീയത്തിന് അതീതമായ പ്രവർത്തനങ്ങൾ അത്യാവശ്യമാണ്. കർഷക അനുകൂല പ്രസ്ഥാനങ്ങൾ ശക്തി പ്രാപിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും മന്ത്രി വ്യക്തമാക്കി.

കാർഷികോത്സവത്തിൽ പങ്കെടുത്ത കർഷകർക്ക് സംസ്ഥാന സർക്കാരിന്റെ സബ്സീഡിയോടെയുള്ള മൈക്രോ ഇറിഗേഷൻ, സോളാർ പദ്ധതികളെ കുറിച്ചും ഇവയുടെ ഗുണങ്ങളെ കുറിച്ചും കർഷകൻ കൂടിയായ മന്ത്രി വിശദീകരിച്ചു.

സി.എസ്.എ ലൈബ്രറി ഹാളിൽ നടന്ന പരിപാടിയിൽ സി.എസ്.എ പ്രസിഡന്റ് സി.കെ ഈപ്പൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാരായ വത്സലകുമാരി വേണു, എസ്. ജയദേവൻ, ലതിക ശശികുമാർ, മുൻ മന്ത്രി അഡ്വ. ജോസ് തെറ്റയിൽ കെ.ടി.ഡി.സി ഡയറക്ടർ ബെന്നി മൂഞ്ഞേലി, അങ്കമാലി നഗരസഭ വികസന സ്ഥിരം സമിതി അധ്യക്ഷൻ പോൾ ജോവർ, കൗൺസിലർ ടി.വൈ ഏല്യാസ്, സംഘാടക സമിതി അധ്യക്ഷൻ അഡ്വ. കെ.കെ ഷിബു, ജനറൽ കൺവീനർ വിഷ്ണു മാസ്റ്റർ, സി.എസ്.എ വൈസ് പ്രസിഡന്റ് എം.പി രാജൻ തുടങ്ങിയവർ പങ്കെടുത്തു.

തുടർന്ന് കൃഷിയും സംസ്കാരവും എന്ന വിഷയത്തിൽ മുൻമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് പ്രഭാഷണം നടത്തി. ഇന്ത്യൻ ഫാർമേഴ്സ് ഫെർട്ടിലൈസേഷൻ കോപ്പറേറ്റീവ് ലിമിറ്റഡ് ഫീൽഡ് ഓഫീസർ പി.കെ അബിൻ, കൃഷി വകുപ്പ് മുൻ അസി. ഡയറക്ടർ ബിജുമോൻ സക്കറിയ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

സംസ്ഥാന കൃഷി വകുപ്പ്, സി.എസ്.എ ലൈബ്രറി എന്നിവയുമായി സഹകരിച്ച് കൾച്ചറൽ സൊസൈറ്റി ഓഫ് അങ്കമാലി നടത്തിയ കാർഷികോത്സവത്തിൽ പ്രദർശന വിപണന മേള സംഘടിപ്പിച്ചിരുന്നു

# ആരോഗ്യമുള്ള യുവസമൂഹത്തെ വാർത്തെടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധം : മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം:** ആരോഗ്യമുള്ള യുവസമൂഹത്തെ വാർത്തെടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അതിനായി വിദ്യാർത്ഥികളുടെ കായികക്ഷമത ലക്ഷ്യമിട്ട് ദീർഘവീക്ഷണത്തോടെയുള്ള നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. സാങ്കേതിക വിദ്യയുടെ ദുരുപയോഗവും പുതിയ ജീവിതശൈലികളും വലിയ വെല്ലുവിളികൾ ഉയർത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ വിദ്യാർത്ഥികളിൽ കായിക സംസ്ക്കാരം വളർത്തുന്നതിന് പ്രധാന പരിഗണന നൽകും. എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ ആരോഗ്യ കായിക വിദ്യാഭ്യാസ പുസ്തകങ്ങൾ എസ്.ഐ.ഇ.ടി. ഡിജിറ്റൽ രൂപത്തിലാക്കിയതിന്റെ പ്രകാശനം എസ്.സി.ഇ.ആർ.ടി. ആസ്ഥാനത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

കായിക ആരോഗ്യ വിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്തണമെന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞവർഷം മുതൽ ഹെൽത്തി കിഡ്സ് പദ്ധതി നടപ്പാക്കിയത്. ഹെൽത്തി കിഡ്സ് പദ്ധതിയ്ക്കായി എസ് സി ഇ ആർ ടി തയ്യാറാക്കിയ കൈപ്പുസ്തകത്തിലെ ഉള്ളടക്കങ്ങളാണ് ഇപ്പോൾ ഡിജിറ്റലാക്കി മാറ്റിയത്. എസ് സി ഇ ആർ ടി യുടെ കായിക വിഭാഗത്തിന്റെ സഹായത്തോടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയാണ് ഡിഡിജിറ്റൽ ഉള്ളടക്കങ്ങൾ തയ്യാറാക്കിയത്. മന്ത്രി പറഞ്ഞു.

# പൊക്കാളി കൃഷി സംരക്ഷണത്തിന് ജില്ലാ താലൂക്ക് തലങ്ങളിൽ പ്രത്യേക നിരീക്ഷണ സമിതികൾ

**കൊച്ചി:** പൊക്കാളി കാർഷിക മേഖലയിലെ സുസ്ഥിര കൃഷിക്കും പരിസ്ഥിതി സംരക്ഷണത്തിനുമുള്ള ഒരു പ്രധാന ചുവടുവയ്പിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ ജില്ലാ, താലൂക്ക് തലങ്ങളിൽ നിരീക്ഷണ സമിതികൾക്ക് രൂപം നൽകി. പൊക്കാളി നെൽവയലുകളിലെ നെൽകൃഷി,മത്സ്യകൃഷി, ഓരുവെള്ള നിയന്ത്രണം എന്നിവയുൾപ്പെടെയുള്ള പ്രധാന കാര്യങ്ങളിൽ ഈ കമ്മിറ്റികൾ മേൽനോട്ടം വഹിക്കുകയും മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യും.

സമതി രൂപീകരിക്കുന്നത് സംബന്ധിച്ച ഉത്തരവ് പൊക്കാളി നിലവികസന ഏജൻസി ചെയർമാനും, ജില്ലാ കളക്ടറുമായ എൻ.എസ്. കെ ഉമേഷ് പുറത്തിറക്കി.

താലൂക്കിൽ ലഭ്യമായ പൊക്കാളി പ്രദേശത്ത് അതാത് സീസണിൽ നെൽക്കൃഷിയും മത്സ്യകൃഷിയും നടത്തുന്നതിനുള്ള ഇടപെടൽ നടത്തുക, സീസൺ ആരംഭിക്കുന്നതിന് തൊട്ടു മുമ്പ് യോഗം ചേർന്ന് പാടശേഖരങ്ങളിലെ തയാറെടുപ്പുകൾ വിലയിരുത്തി ആവശ്യമെങ്കിൽ മാർഗ്ഗ നിദ്ദേശങ്ങൾ നൽകുക, കാർഷിക പ്രവർത്തനങ്ങൾ നിശ്ചിത സമയത്തു തന്നെ ആരംഭിച്ചു എന്ന് ഉറപ്പാക്കുക, പൊക്കാളി കൃഷി സ്ഥലങ്ങൾ തരിശ്ശിടുന്നില്ലെന്ന് ഉറപ്പു വരുത്തുക, സർക്കാരും പൊക്കാളി നില വികസന ഏജൻസിയും നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പിക്കുക, പൊക്കാളി കൃഷി വിജയകരമായി നടത്തുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് താലൂക്ക് തല നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നത്.

താലൂക്ക് തലത്തിൽ തഹസീൽദാർ (ചെയർമാൻ), കൃഷി അസിസ്റ്റൻറ് ഡയറക്ടർ (കൺവീനർ), ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മുൻസിപ്പൽ, ഗ്രാമ പഞ്ചായത്ത് തലവന്മാർ, സെക്രട്ടറിമാർ, ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ, സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ് എന്നിവരടങ്ങിയതാണ് നിരീക്ഷണ സമിതികൾ.

ജില്ലയിലെ ആകെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫോർട്ട് കൊച്ചി സബ് കളക്ടർ രക്ഷാധികാരിയും, പി.എൽ.ഡി.എ വൈസ് ചെയർമാൻ (ഉപ രക്ഷാധികാരി), പ്രിൻസിപ്പൽ കൃഷി ഓഫീസർ (കൺവീനർ). ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ജലസേചന എക്സിക്യൂട്ടീവ് എഞ്ചിനീയർ, പഞ്ചായത്ത് ജോയിൻറ് ഡയറക്ടർ, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഡബ്ല്യൂ. എം) എന്നിവർ അടങ്ങിയ ജില്ലാതല നിരീക്ഷണ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

# തൊഴിൽമേള മെയ് 3ന്

**കൊച്ചി:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെയും ലയൺസ് ക്ലബ് നോർത്ത് പറവൂരിന്റെയും സംയുക്താഭിമുഖ്യത്തിൽ മെയ് മൂന്നാം തീയതി നോർത്ത് പറവൂർ മാർ ഗ്രിഗോറിയസ് അബ്ദുൾ ജലീൽ ആർട്സ് ആന്റ് സയൻസ് കോളേജിൽ തൊഴിൽമേള സംഘടിപ്പിക്കുന്നു. എസ്.എസ്.എൽ.സി, പ്ലസ് ടു, ബിരുദം, ഐ.ടി.ഐ, ഡിപ്ലോമ എഞ്ചിനീയറിംഗ്, ബിരുദാനന്തര ബിരുദം തുടങ്ങിയ യോഗ്യതകളുള്ള ആയിരത്തിലധികം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൊഴിൽ മേളയിൽ പങ്കെടുക്കുന്നതിനായി www.em-pekm.in വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്ത ശേഷം അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് മെയ് മൂന്നിന് രാവിലെ 10 ന് നോർത്ത് പറവൂർ മാർ ഗ്രിഗോറിയസ് അബ്ദുൾ ജലീൽ ആർട്സ് ആന്റ് സയൻസ് കോളേജിൽ എത്തണം.

## വാക്ക് ഇൻ ഇന്റർവ്യൂ

**തിരുവനന്തപുരം:** പട്ടികവർഗ വികസന വകുപ്പിനു കീഴിൽ ജില്ലയിൽ ഒഴിവുള്ള അക്രഡിറ്റഡ് എൻജിനീയർ/ ഓവർസിയർ തസ്തികയിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. മെയ് രണ്ടിന് രാവിലെ 10.30ന് നെടുമങ്ങാട് ഐ.ടി.ഡി.പി ഓഫീസിലാണ് അഭിമുഖം.

ഒരു വർഷ കാലാവധിയിലേക്കുള്ള നിയമനത്തിനായുള്ള അഭിമുഖത്തിൽ പട്ടികവർഗ വിഭാഗത്തിൽ നിന്നുള്ളവർക്കു മാത്രമേ പങ്കെടുക്കാനാകു. സിവിൽ എൻജിനീയറിംഗിൽ ബി.ടെക് / ഡിപ്ലോമ / ഐ.ടി.ഐ / ബി.ടെക് കമ്പ്യൂട്ടർ സയൻസ് എന്നിവയാണ് യോഗ്യത. 21 മുതൽ 35 വയസുവരെയാണ് പ്രായപരിധി.

## ക്രിയേറ്റീവ് ഫെസ്റ്റ് 30 ന് മാനവീയം വീഥിയിൽ

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസവകുപ്പും കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയും (കുസാറ്റ്) സംയുക്തമായി നടത്തുന്ന ക്രിയേറ്റീവ് ഫെസ്റ്റ് ’25 ഏപ്രിൽ 30 ന് രാവിലെ 10 ന് മാനവീയം വീഥിയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. അഡ്വ. ആന്റണി രാജു എം എൽ എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കുസാറ്റ് വൈസ് ചാൻസലർ ഡോ എം. ജുനൈദ് ബുഷ്റി, പൊതു വിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ്, എസ് എസ് കെ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ എ ആർ സുപ്രിയ തുടങ്ങിയവർ പങ്കെടുക്കും.

നൈപുണ്യ വിദ്യാഭ്യാസത്തിനു പ്രധാന്യം നൽകുക എന്ന ലക്ഷ്യത്തോടെ ജില്ലയിൽ സ്ഥാപിച്ച 21 ക്രിയേറ്റീവ് കോർണറുകളിലെ കുട്ടികൾ തയ്യാറാക്കിയ ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും ഫെസ്റ്റിൽ ഉണ്ടാവും.

# പുതിയ പാക്കേജുകൾ പ്രഖ്യാപിച്ച് കൊല്ലം ബി.ടി.സി ഏപ്രിൽ മാസം നേടിയത് 22 ലക്ഷം രൂപ



**കൊല്ലം:** അവധിക്കാല ഉല്ലാസയാത്രകൾ എന്ന പേരിൽ കെഎസ്ആർടിസി ആവിഷ്കരിച്ച ബജറ്റ് ടൂറിസം യാത്രകൾ ഏപ്രിൽ മാസത്തിൽ ഇതുവരെ നേടിയത് 22 ലക്ഷം രൂപ. മുൻവർഷത്തേക്കാൾ ട്രിപ്പുകളുടെ എണ്ണത്തിലും കളക്ഷനിലും ഇരട്ടിയിലധികം വർദ്ധനവാണ് ഉണ്ടായത്. അവധിക്കാല യാത്രകൾ വൻ വിജയത്തിൽ ആയതോടെ കൂടുതൽ ട്രിപ്പുകൾ ഉൾപ്പെടുത്തി കൊല്ലം ബജറ്റ് ടൂറിസം മെയ് മാസ കലണ്ടർ പ്രഖ്യാപിച്ചു.

മെയ് ഒന്നിന് വാഗമൺ, റോസ്മല എന്നീ യാത്രകളോടെയാണ് ഉല്ലാസ യാത്രകൾ ആരംഭിക്കും. ഉച്ച ഭക്ഷണവും യാത്രക്കൂലിയും ഉൾപ്പെടെ 1020 രൂപയാണ് നിരക്ക്. റോസ്മല, തെന്മല, പാലരുവി എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടുത്തിയുള്ള റോസ്മലയാത്രയ്ക്ക് 770 രൂപയാണ് നിരക്ക്. ഒന്നാം തീയതി കൂടാതെ മെയ് 18,31 എന്നീ ദിവസങ്ങളിലും വാഗമൺ യാത്ര ഉണ്ടായിരിക്കും. മെയ് മൂന്നിനും 24 നും ചാർട്ട് ചെയ്തിട്ടുള്ള ഇല്ലിക്കൽ കല്ല് ഇലവീഴാപൂഞ്ചിറ യാത്ര രാവിലെ അഞ്ചുമണിക്ക് ആരംഭിച്ച രാത്രി 10.30 ന് മടങ്ങിയെത്തും. 820 രൂപയാണ് നിരക്ക്. മെയ് നാലിന് നെഫർറ്റിറ്റി കപ്പൽ യാത്ര, മലയാറ്റൂർ തീർത്ഥാടനം എന്നിവ ഉണ്ടായിരിക്കും. അഞ്ചുമണിക്കൂർ അറബിക്കടലിൽ ചുറ്റി കറങ്ങാനുള്ള അവസരം ഒരുക്കുന്ന യാത്രക്ക് കപ്പൽ എൻട്രി ഫീ, ഗാനമേള, പലതരം ഗെയിമുകൾ, ബുഫെ ഡിന്നർ, മറ്റ് ആക്ടിവിറ്റീസ്, കെഎസ്ആർടിസി ബസ് ഫെയർ എന്നിവ ഉൾപ്പെടെ 4240 രൂപയാണ് ചാർജ്. 510 വയസ്സിനിടയിലുള്ള കുട്ടികൾക്ക് 1950 രൂപ ആണ് നിരക്ക്. മെയ് നാല് കൂടാതെ മെയ് 25നും കപ്പൽ യാത്ര ഉണ്ടായിരിക്കും..

ഭരണങ്ങാനം അൽഫോൻസാമ്മ കബറിടം, വഴി മലയാറ്റൂറിന് പോകുന്ന തീർത്ഥാടന യാത്ര രാവിലെ അഞ്ചുമണിക്ക് ആരംഭിച്ച് പത്തുമണിക്ക് മടങ്ങിയെത്തും 850 രൂപയാണ് നിരക്ക്. മെയ് ഏഴ്, 23 എന്നീ ദിവസങ്ങളിൽ ഗവി ട്രിപ്പ് ഉണ്ടായിരിക്കും ബോട്ടിംഗ്, പ്രവേശനഫീസുകൾ, ഗവി ഗൈഡ് ഫീസ്, ഉച്ചഭക്ഷണം എന്നിവ ഉൾപ്പെടെ 1750 രൂപയാണ് നിരക്ക്.

മെയ് ഏഴിന് വൈകിട്ട് ഏഴിന് കണ്ണൂർ കാഴ്ചകൾ എന്ന പേരിട്ടിരിക്കുന്ന കണ്ണൂർ കോഴിക്കോട് യാത്ര ആരംഭിക്കും. പാപ്പിനിശ്ശേരി, പൈതൽമല, പാലക്കയം തട്ട്, പെറ്റ് സ്റ്റേഷൻ, പയ്യാമ്പലം, തെയ്യക്കാഴ്ചകൾ, ബേപ്പൂർ ബീച്ച് മിട്ടായിത്തെരുവ് എന്നിവ ഉൾപ്പെടുന്ന യാത്രയ്ക്ക് 2800 രൂപയാണ് നിരക്ക്.

മെയ് 10ന് മൂന്ന് യാത്രകൾ ഉണ്ടായിരിക്കും മാംഗോ മെഡോസ്, രാമക്കൽമേട്, പൊന്മുടി. ലോകത്തിലെ ഏറ്റവും വലിയ അഗ്രോ തീം പാർക്ക് എന്ന് അറിയപ്പെടുന്ന മാൻഗോ മെഡോസ് യാത്രയ്ക്ക് 1790 രൂപയാണ് നിരക്ക്. രണ്ടു നേരത്തെ ഭക്ഷണം, പാർക്ക് എൻട്രി ഫീ, പാർക്കിലെ ബോട്ടിംഗ്, ത്രീഡി തിയേറ്റർ ഉൾപ്പെടെയുള്ള എല്ലാ റൈഡുകളുടെയും എൻട്രി ഫീ എന്നിവ ഉൾപ്പെടുന്ന യാത്ര രാവിലെ 5.30ന് കൊല്ലത്ത് നിന്ന് ആരംഭിക്കും.. രാമക്കൽമേട് യാത്രക്ക് 1030 രൂപയാണ് നിരക്ക്. രാവിലെ അഞ്ചുമണിക്ക് പുറപ്പെടുന്ന യാത്ര അയ്യപ്പൻകോവിൽ തൂക്കുപാലം, കാൽവരി മൗണ്ട് രാമക്കൽമേട് എന്നിവിടങ്ങൾ സന്ദർശിക്കും. മെയ് 11 മൂന്നാർ യാത്രയ്ക്ക് 2380 രൂപയാണ് നിരക്ക്. എസി ഡോർമെറ്ററി താമസം, ജീപ്പ് സഫാരി, ഒരുനേരത്തെ ഉച്ചഭക്ഷണം എന്നിവ പാക്കേജിൽ ഉൾപ്പെടും. മെയ് 11 ന്റെ സ്നോ പാർക്ക് ട്രിപ്പ് യാത്രികർക്ക് ഒരു പുതിയ അനുഭവമാകും. പാർക്ക് എൻട്രി, ഉച്ചഭക്ഷണം എന്നിവ ഉൾപ്പെടെ 2520 രൂപയാണ് നിരക്ക്

മെയ് 11ന്റെ ശിവക്ഷേത്രങ്ങൾ രാവിലെ അഞ്ചിന് ആരംഭിച്ച് 10 മണിക്ക് മടങ്ങി എത്തും. ആലുവ ശിവ ക്ഷേത്രം, ഏറ്റുമാനൂർ, വൈക്കം, കടുത്തുരുത്തി, തിരുനക്കര, ചെങ്ങന്നൂർ ശിവക്ഷേത്രങ്ങൾ എന്നിവിടങ്ങൾ ആണ് സന്ദർശിക്കുക. മെയ് 15ന്റെ സൈലന്റ് വാലി രാത്രി 10ന് പുറപ്പെട്ട് 17ന് രാത്രി മടങ്ങിയെത്തും സൈലന്റ് വാലി കൂടാതെ മലമ്പുഴ, കൽപ്പാത്തി, പാലക്കാട് കോട്ട, വരിക്കാശ്ശേരി മന, കുഞ്ഞൻ നമ്പ്യാർ സ്മാരകം എന്നിവിടങ്ങളും സന്ദർശിക്കും. നിരക്ക് 3080 രൂപ. അന്വേഷണങ്ങൾക്ക് : 9747969768, 9995554409, 7592928817

# കാർഷിക മേഖലയിലും ആധുനിക സംവിധാനങ്ങൾ പ്രയോഗിക്കണം: മന്ത്രി പി പ്രസാദ്



**കൊച്ചി:** ആധുനിക കാലഘട്ടത്തിനനുസരിച്ച് ജീവിതത്തിൽ ഉണ്ടായ മാറ്റങ്ങൾക്ക് അനുസൃതമായി കാർഷിക മേഖലയിലും മാറ്റങ്ങൾ വേണമെന്ന് മന്ത്രി പി. പ്രസാദ്. നിർമ്മിത ബുദ്ധി, മെഷീൻ ലേണിങ്, ഡാറ്റ അനലിറ്റിക്സ് പോലെയുള്ള ആധുനിക സംവിധാനങ്ങൾ കൃഷിയിൽ കൊണ്ടുവരണമെന്നും മന്ത്രി പറഞ്ഞു. കൾച്ചറൽ സൊസൈറ്റി ഓഫ് അങ്കമാലി (സി.എസ്.എ) സംഘടിപ്പിച്ച വിത്തും കൈക്കോട്ടും കാർഷികോത്സവത്തിന്റെ ഭാഗമായി നടന്ന അവാർഡ്ദാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാലാവസ്ഥയുടെ കാര്യത്തിലുള്ള മുന്നറിയിപ്പുകൾ നൽകാനും രോഗങ്ങളുമായി ബന്ധപ്പെട്ട ഇടപെടലുകൾ നടത്താനുമെല്ലാം ആധുനിക സംവിധാനങ്ങൾ വഴി സാധിക്കും. സ്മാർട്ട് ഫാർമിംഗ് എന്ന ആശയം യാഥാർത്ഥ്യമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. വിത്ത് വിതക്കാൻ ഉൾപ്പെടെ ഡ്രോണിന്റെ സഹായം തേടുന്നത് അടക്കമുള്ള ആധുനിക രീതികൾ പ്രയോജനപ്പെടുത്തുന്നത് ചെലവ് കുറക്കാനും കർഷകന്റെ വരുമാനത്തിൽ വലിയ മാറ്റം ഉണ്ടാക്കാനും സഹായിക്കും. കൃഷിയുടെ 95 ശതമാനവും ഭക്ഷണത്തിനാണ് എന്ന് അറിയുമ്പോഴാണ് കൃഷിയുടെ പ്രാധാന്യം മനസ്സിലാകുന്നത്. ഐ.സി.എം.ആറിന്റെ കണക്ക് പ്രകാരം 56 ശതമാനം രോഗങ്ങൾക്കും കാരണം അനാരോഗ്യകരമായ ഭക്ഷണമാണ്. വിഷ രഹിതമായ ഭക്ഷണം എന്ന ആശയമാണ് ജൈവ, പ്രകൃതി കൃഷി രീതികൾക്ക് പിന്നിലുള്ളത്.

കർഷകരുടെ വരുമാനം സ്ഥായിയാക്കി നിലനിർത്തുന്നതിന് പ്രാഥമിക കൃഷി രീതികൾക്കൊപ്പം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം അടക്കമുള്ള കൃഷി രീതികൾ കൂടി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. നിലവിൽ 4000ൽ അധികം മൂല്യവർധിത ഉൽപ്പന്നങ്ങളാണ് കർഷകർ നിർമ്മിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സി.എസ്.എ ലൈബ്രറി ഹാളിൽ നടന്ന സമ്മേളനത്തിൽ സ്വാഗതസംഘം ചെയർമാൻ അഡ്വ. കെ.കെ ഷിബു അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ ഷെർളി സക്കറിയ, അങ്കമാലി നഗരസഭ അധ്യക്ഷൻ അഡ്വ. ഷിയോ പോൾ, ആലുവ താലൂക്ക് ലൈബ്രറി കൗൺസിൽ ജോയിന്റ് സെക്രട്ടറി കെ.പി റജീഷ്, സ്വാഗതസംഘം വൈസ് ചെയർമാൻ എം. മുകേഷ്, സി.എസ്.എ ജനറൽ സെക്രട്ടറി ടോണി പറമ്പി തുടങ്ങിയവർ പങ്കെടുത്തു.ചടങ്ങിൽ അങ്കമാലി നഗരസഭയിൽ നിന്നും സമീപത്തെ 10 പഞ്ചായത്തുകളിലും തിരഞ്ഞെടുക്കപ്പെട്ട 88 മികച്ച കർഷകരെ ആദരിച്ചു.



# കുടുംബത്തിനൊപ്പം യുവജനങ്ങളും തൊഴിലിലേക്ക് പദ്ധതിക്ക് തുടക്കം

**പത്തനംതിട്ട:** മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പിന്റെ 'കുടുംബത്തിനൊപ്പം യുവജനങ്ങളും തൊഴിലിലേക്ക്' പദ്ധതിക്ക് തുമ്പമൺ ഗ്രാമപഞ്ചായത്തിൽ തുടക്കം. സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള ധനസഹായ വിതരണം ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവഹിച്ചു. വി ഇ ഒ എസ് നിസാമുദീൻ തൊഴിൽ പദ്ധതി വിശദീകരിച്ചു. ജില്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ കെ ഇ വിനോദ്, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ സനൽകുമാർ എന്നിവർ ക്ലാസ് നയിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോണി സക്കറിയ അധ്യക്ഷയായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി എസ് അനീഷ് മോൻ, ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ലാലി ജോൺ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് തോമസ് റ്റി വർഗീസ്, അംഗങ്ങളായ അഡ്വ. രാജേഷ് കുമാർ, ബീനാ വർഗീസ്, ഗീതാറാവു , ഗിരീഷ്കുമാർ, മോനി ബാബു, കെ ഡി പവിത്രൻ, സി.ഡി.എസ് അധ്യക്ഷ ഓമനഗോപാലൻ, സെക്രട്ടറി ആർ ശ്രീല എന്നിവർ പങ്കെടുത്തു.

# നോർക്ക റൂട്ട്സ് പ്രവാസി ഐഡി കാർഡുകളുടെ ഇൻഷുറൻസ് പരിരക്ഷ തുക അഞ്ചു ലക്ഷം രൂപയാക്കി ഉയർത്തി

**തിരുവനന്തപുരം:** നോർക്ക റൂട്ട്സിന്റെ പ്രവാസി തിരിച്ചറിയൽ കാർഡ്, എൻആർകെ ഇൻഷുറൻസ് കാർഡ്, സ്റ്റുഡന്റ് ഐഡി കാർഡ് എന്നിവയുടെ അപകടമരണ ഇൻഷുറൻസ് പരിരക്ഷ തുക അഞ്ചു ലക്ഷം രൂപയാക്കി ഉയർത്തി. നിലവിൽ നാലു ലക്ഷം രൂപയായിരുന്നു അപകട മരണ ഇൻഷുറൻസ് തുക. പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസിയുടെ അപകടമരണ ഇൻഷുറൻസ് പരിരക്ഷ തുക നിലവിലെ രണ്ടു ലക്ഷം രൂപയെന്നത് മൂന്നു ലക്ഷം രൂപയാക്കി വർധിപ്പിച്ചു.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ മലയാളികൾക്കും ഇനി മുതൽ പ്രവാസി രക്ഷ ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വം ലഭിക്കും. മെഡിക്കൽ കോഴ്സുകളിലേക്ക് എൻആർഐ സീറ്റിൽ പ്രവേശനത്തിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് അവരുടെ സ്പോൺസറുടെ തിരിച്ചറിയൽ രേഖയായി നോർക്ക പ്രവാസി ഐഡി കാർഡ് സമർപ്പിക്കാമെന്നും നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേരി അറിയിച്ചു.

പ്രവാസി ഐഡി കാർഡ്, എൻആർകെ ഇൻഷുറൻസ് കാർഡ്, സ്റ്റുഡന്റ് ഐഡി കാർഡ്, പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസി എന്നീ സേവനങ്ങളുടെ നിരക്കുകളും പുതുക്കിയിട്ടുണ്ട്. പ്രവാസി തിരിച്ചറിയൽ കാർഡ്, സ്റ്റുഡന്റ് ഐഡി കാർഡ്, എൻആർകെ ഇൻഷുറൻസ് കാർഡ് എന്നിവയുടെ പുതിയ നിരക്ക് ജിഎസ്ടി ഉൾപ്പെടെ 408 രൂപ വീതമാണ്(പഴയ നിരക്ക് 372 രൂപ വീതം). പ്രവാസി രക്ഷ ഇൻഷുറൻസ് പോളിസിയുടെ പുതിയ നിരക്ക് ജിഎസ്ടി ഉൾപ്പെടെ 661 രൂപയാണ്(പഴയ നിരക്ക് 649 രൂപ). 2025 ഏപ്രിൽ ഒന്നു മുതൽ ഐഡി കാർഡ്/ എൻപിആർഐ പോളിസി എടുക്കുന്ന പ്രവാസിക്ക് അപകടമരണം സംഭവിക്കുന്ന സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നും ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് 50,000 രൂപയും ഇന്ത്യയ്ക്ക് അകത്തുനിന്നാണെങ്കിൽ 30,000 രൂപയും ധനസഹായം ലഭിക്കും.

# കാലിബ്രേഷൻ ആന്റ് മെട്രോളജി കോഴ്സിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഫിസിക്സ്, ഇലക്ട്രോണിക്സ്, ഇൻസ്ട്രുമെന്റേഷൻ ബിരുദ (യു ജി) / എഞ്ചിനീയറിംഗ് /ഡിപ്ലോമ/ വിദ്യാർത്ഥികൾക്കായി കാലിബ്രേഷൻ, മെട്രോളജി മേഖലയിൽ ഉയർന്ന തൊഴിൽ സാധ്യതകളുള്ള സർട്ടിഫൈഡ് ഫണ്ടമെന്റൽസ് ഓഫ് കാലിബ്രേഷൻ ആന്റ് ക്വാളിറ്റി കൺസെപ്റ്റ്സ് ഓഫ് മെട്രോളജിക്കൽ ഇൻസ്ട്രുമെന്റ്സ് കോഴ്സിന്, അസാപ് കേരള പ്രശസ്തമായ സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്ററുമായി (എസ് ടി ഐ സി) സഹകരിച്ച് അപേക്ഷ ക്ഷണിച്ചു. മെയ് 12 ന് ആരംഭിക്കുന്ന 45 മണിക്കൂർ ദൈർഘ്യമുള്ള ഓഫ്‌ലൈൻ കോഴ്സ് കൊച്ചിൻ യൂണിവേഴ്സിറ്റി യിലെ എസ് ടി ഐ സി ൽ വെച്ചാണ് നടക്കുന്നത്. ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ട എൻ സി വി ഇ ടി സർട്ടിഫിക്കേഷനും, നിലവിൽ ഡിപ്ലോമ/ബിരുദ പഠനം നടത്തുന്നവർക്ക് എസ് ടി ഐ സിൽ ഇന്റേൺഷിപ്പിനുള്ള അവസരവും ലഭിക്കും.

മെക്കാനിക്കൽ, ഇലക്ട്രിക്കൽ അല്ലെങ്കിൽ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് ഡിപ്ലോമ വിദ്യാർത്ഥികൾ, ഫിസിക്സ്, ഇലക്ട്രോണിക്സ് അല്ലെങ്കിൽ ഇൻസ്ട്രുമെന്റേഷൻ യുജി വിദ്യാർത്ഥികൾ, 1.5 വർഷത്തെ പ്രവൃത്തി പരിചയമുള്ള പ്ലസ് ടു പാസായവർ അല്ലെങ്കിൽ എൻ എൽ ക്യൂ എഫ് ലെവൽ നാല് സർട്ടിഫൈഡ് വ്യക്തികൾ, ഇലക്ട്രിക്കൽ, മാനുഫാക്ചറിംഗ്, ഇൻസ്ട്രുമെന്റേഷൻ മേഖലകളിലെ ടെക്നീഷ്യൻമാർ എന്നിവർക്ക് അപേക്ഷിക്കാം.

അപേക്ഷിക്കാനുള്ള അവസാന തീയതി മെയ് 11. താല്പര്യമുള്ളവർക്ക് കൂടുതൽ വിവരങ്ങൾക്കും എന്റോൾമെന്റ് വിശദാംശങ്ങൾക്കുമായി 8848179814 നമ്പറിൽ ബന്ധപ്പെടാം.

## ഡബ്ല്യുസിബി ബോക്സിംഗ്: യുകെയിലെ ഇടിക്കൂട്ടിൽ കെ.എസ് വിനോദ്– അനസ് മൊഹമൂദ് മൽസരം മെയ് മൂന്നിന്

**കൊച്ചി:** ഡബ്ല്യുസിബി യുടെ നേതൃത്വത്തിൽ യു.കെയിലെ ബാംബർ ബ്രിഡ്ജ് ഫുട്ബോൾ ക്ലബ്ബ് സ്റ്റേഡിയത്തിലെ ഇടിക്കൂട്ടിൽ ഡബ്ല്യുസിബി ഫൈറ്റ് ഓഫ് ദി ഇയർ 2025 എന്ന പേരിൽ മെയ് മൂന്നിന് നടക്കുന്ന ബോക്സിംഗ് മൽസരത്തിൽ വേൾഡ് ബോക്സിംഗ് കൗൺസിൽ(ഡബ്ല്യു.ബി.സി) കെയർ മിഡിൽ വെയ്റ്റ് ബോക്സിംഗ് ചാംപ്യനും മലയാളിയുമായ കെ.എസ് വിനോദും ബോക്സിംഗ് താരമായ യു.കെ പൗരൻ അനസ് മൊഹമൂദും തമ്മിൽ ഏറ്റുമുട്ടും. മൂവായിരത്തിലധികം കാണികളെ സാക്ഷിയാക്കിയായിരിക്കും മൽസരം നടക്കുക. കായിക മേഖലയിൽ പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന യു.കെയിലെ പ്രമുഖമായ സംഘടനയാണ് ഡബ്ല്യു.സി.ബി സംഘടിപ്പിക്കുന്ന ബോക്സിംഗ് മൽസരം യു.കെയിലെ വലിയ ബോക്സിംഗ് മൽസരങ്ങളിലൊന്നാണ്. ഈ മൽസരത്തിൽ പങ്കെടുക്കാൻ തന്നെ വെല്ലുവിളിച്ചിരിക്കുകയാണെന്നും വെല്ലുവിളി താൻ സ്വീകരിച്ചുവെന്നും കെ.എസ് വിനോദ് പറഞ്ഞു. പണത്തിനുവേണ്ടിയല്ല താൻ ഈ വെല്ലുവിളി സ്വീകരിച്ചിരിക്കുന്നത് മറിച്ച് കൂടുതൽ യുവാക്കളെ കായിക മേഖലയിൽ കൊണ്ടുവരുന്നതിനും അതുവഴി ലോകത്തിൽ അറിയപ്പെടുന്ന കായിക താരമായി മാറാൻ അവർക്ക് പ്രചോദനം നൽകുയെന്നാണ് താൻ ലക്ഷ്യമിടുന്നത്. ഡബ്ല്യുസിബിയുടെ മൽസരത്തിൽ നിന്നും ലഭിക്കുന്ന തുക ഇന്ത്യയിൽ കായികമേഖലയുടെ ഉന്നമനത്തിനും ഇതിൽ പ്രവർത്തിക്കുന്നവർക്ക് സ്പോർടസ് ഉപകരണങ്ങൾ നൽകാനുമായിരിക്കും ഉപയോഗിക്കുകയെന്നും കെ.എസ് വിനോദ് പറഞ്ഞു. കേരളത്തിലെ ബോക്സിംഗ് മേഖലയിലേക്ക് കൂടുതൽ യുവതലമുറയെ അടുപ്പിക്കാൻ വിനോദിന്റെ മൽസരം സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ഡബ്ല്യു.ബി.സി (കെയർ) സൗത്ത് ഇന്ത്യൻ അംബാസിഡർ അഡ്വ. കെ.വി സാബു പറഞ്ഞു.



യു.കെയിലെ ബാംബർ ബ്രിഡ്ജ് ഫുട്ബോൾ ക്ലബ്ബ് സ്റ്റേഡിയത്തിലെ ഇടിക്കൂട്ടിൽ ഡബ്ല്യുസിബി ഫൈറ്റ് ഓഫ് ദി ഇയർ 2025 എന്ന പേരിൽ മെയ് മൂന്നിന് നടക്കുന്ന ബോക്സിംഗ് മൽസരത്തിൽ പങ്കെടുക്കുന്ന വേൾഡ് ബോക്സിംഗ് കൗൺസിൽ(ഡബ്ല്യു.ബി.സി) കെയർ മിഡിൽ വെയ്റ്റ് ബോക്സിംഗ് ചാംപ്യനും മലയാളിയുമായ കെ.എസ് വിനോദ് (ഫയൽ ചിത്രം)



## ഡോ. ആസാദ് മൂപ്പന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്

**കൊച്ചി:** ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാനും, അസോസിയേഷൻ ഓഫ് കേരള മെഡിക്കൽ ഗ്രാജുവേറ്റ്സ് എമിറേറ്റ്സിന്റെ സ്ഥാപക പ്രസിഡന്റുമായ ഡോ. ആസാദ് മൂപ്പന് എകെഎംജിയുടെ മറായ 2025, 2025 ബൈനിയൽ കൺവെൻഷനിൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു. റാസൽ ഖൈമയിലെ കൾച്ചറൽ ഡവലപ്മെന്റ് സെന്ററിൽ നടന്ന ചടങ്ങിൽ ആരോഗ്യ പരിചരണ മേഖലയിലെ, ദീർഘവീക്ഷണമുള്ള നേതൃത്വവും, മികച്ച സംഭാവനകളും, ഒപ്പം എകെഎംജി എമിറേറ്റ്സ് സ്ഥാപിക്കുന്നതിലും സംഘടനയെ വളർത്തുന്നതിലും വഹിച്ച നിർണായക പങ്കും പരിഗണിച്ചാണ് അവാർഡ്.

പല ദശാബ്ദങ്ങളിലൂടെ, എകെഎംജി കൈവരിച്ച വളർച്ചയും, ആഗോള രംഗത്തെ കൂട്ടായ്മകളുടെ വിപുലീകരണവും, യുഎഇയിൽ എകെഎംജി എമിറേറ്റ്സിന്റെ വളർച്ചയും മലയാളി ഡോക്ടർമാർക്ക് അന്താരാഷ്ട്ര തലത്തിൽ ലഭിക്കുന്ന അംഗീകാരവും, നേട്ടങ്ങളും വ്യക്തമാക്കുന്നതാണെന്ന് അവാർഡ് നേട്ടത്തെക്കുറിച്ച് സംസാരിച്ച, ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാനും, എകെഎംജി എമിറേറ്റ്സിന്റെ സ്ഥാപക പ്രസിഡന്റുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. എല്ലാവരും ചേർന്നുള്ള കൂട്ടായ പുരോഗതിയിൽ വിശ്വസിച്ചിട്ടുള്ള ഒരാളെന്ന നിലയിൽ, ലോകമെമ്പാടും ആരോഗ്യ പരിചരണ രംഗത്തിന്റെ നിലവാരവും, പ്രൊഫഷണൽ മികവും ഉയർത്തുന്നതിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എകെഎംജി കുടുംബത്തിന്റെ എല്ലാ അംഗങ്ങളുമായി ഈ അവാർഡ് പങ്കുവയ്ക്കുന്നതായും ഡോ.ആസാദ് മൂപ്പൻ കൂട്ടിച്ചേർത്തു. ഡോ. ആസാദ് മൂപ്പൻ, 1987ൽ ദുബായിൽ ആരംഭിച്ച ഒരു ക്ലിനിക്കിലൂടെയാണ് അദ്ദേഹത്തിന്റെ പ്രൊഫഷണൽ യാത്ര ആരംഭിച്ചത്. ഉയർന്ന ഗുണനിലവാരമുള്ള ആരോഗ്യ പരിചരണം എല്ലാവർക്കും പ്രാപ്യമായ നിലയിൽ ലഭ്യമാകുന്ന നിലയിൽ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ, മുന്നേറിയ ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിനെ ഏഴ് രാജ്യങ്ങളിലായി 927ലധികം യൂണിറ്റുകളുള്ള ഒരു ആരോഗ്യ പരിചരണ ശൃംഖലയാക്കി ഡോ. ആസാദ് മൂപ്പൻ ഇന്ന് മാറ്റിയിരിക്കുന്നു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലുകൾ ആരോഗ്യ പരിചരണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചു. ഇന്ന്, ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ജിസിസിയിലെയും, ഇന്ത്യയിലെയും ഏറ്റവും വലിയ സംയോജിത ആരോഗ്യ പരിചരണ സേവനദാതാക്കളിലൊന്നായി ഉയർന്നിരിക്കുന്നു. ജിസിസിയിൽ ആസ്റ്ററിന്റെ ശൃംഖലയിൽ 15 ഹോസ്പിറ്റലുകൾ, 122 ക്ലിനിക്കുകൾ, 313 ഫാർമസികൾ എന്നിവ പ്രവർത്തിക്കുന്നു. കൂടാതെ ആസ്റ്ററിന്റെ എല്ലാ സേവനങ്ങളും സംയോജിപ്പിക്കുന്നഏകജാലക ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ്ഫോമുമുണ്ട്. ഇന്ത്യയിൽ, ആസ്റ്ററിന് 5 സംസ്ഥാനങ്ങളിലായി 19 ഹോസ്പിറ്റലുകൾ, 13 ക്ലിനിക്കുകൾ, 203 ഫാർമസികൾ, കൂടാതെ 254 ലാബുകൾ, പേഷ്യന്റ് എക്സ്പീരിയൻസ് സെന്ററുകൾ എന്നിവയുണ്ട്

## മാൾ ഓഫ് മസ്കത്ത് നടത്തിപ്പ് ചുമതല ലുലു ഗ്രൂപ്പിന്

**മസ്കത്ത്:** ഒമാനിലെ ഏറ്റവും വലിയ ഷോപ്പിംഗ് മാളുകളിലൊന്നായ മാൾ ഓഫ് മസ്കത്ത് നടത്തിപ്പ് ചുമതല ലുലു ഗ്രൂപ്പിന്. ഇത് സംബന്ധിച്ച ദീർഘകാല കരാറിൽ ലുലു ഗ്രൂപ്പും ഒമാൻ സർക്കാർ സോവറീൻ ഫണ്ടായ തമാനി ഗ്ലോബലും തമ്മിൽ ധാരണയായി. ഒമാൻ വാണിജ്യ വ്യവസായ നിക്ഷേപ പ്രോത്സാഹന വകുപ്പ് മന്ത്രി ഖൈസ് മുഹമ്മദ് അൽ യൂസഫ്, ലുലു ഗ്രൂപ്പ് ഇന്റർനാഷണൽ ചെയർമാൻ എം.എ. യൂസഫലി എന്നിവരുടെ സാന്നിധ്യത്തിൽ ലുലു ഗ്രൂപ്പ് ഡയറക്ടർ ഏ.വി. ആനന്ദും, തമാനി ഗ്ലോബൽ ബോർഡ് മെംബർ അബ്ദുൾ അസീസ് അൽ മഹ്റൂഖിയുമാണ് കരാറിൽ ഒപ്പ് വെച്ചത്.രണ്ട് ദിവസമായി മസ്കത്തിൽ നടക്കുന്ന ഒമാൻ ഇൻവെസ്റ്റ്മെന്റ് ഫോറത്തിന്റെ പശ്ചാത്തലത്തിലായിരുന്നു ചടങ്ങ് സംഘടിപ്പിച്ചത്.

രണ്ടായിരം കോടി രൂപയുടെ (100 ദശലക്ഷം ഒമാനി റിയാൽ) മുതൽ മുടക്കിൽ നിർമ്മിച്ച മാളിലെ സൗകര്യങ്ങൾ കൂടുതൽ ആഗോളനിലവാരത്തിലേക്ക് ഉയർത്താനും ഉപഭോക്തൃ സേവനം ഏറ്റവും മികച്ചതാക്കാനുമാണ് ലുലു ഹോൾഡിങ്ങ്സും താമണി ഗ്ലോബലും കൈകോർക്കുന്നത്. ഉപോഭക്താകൾക്ക് ഏറ്റവും ആധുനിക സേവനം ഉറപ്പാക്കുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി പദ്ധതിയുടെ സ്റ്റ്രാറ്റജിക് അഡ്വൈസറായി താമണി ഗ്ലോബൽ ലുലു ഹോൾഡിങ്ങിസിനൊപ്പം പ്രവർത്തിക്കും. ഇരുപത് ലക്ഷത്തിലധികം ചതുരശ്രയടി വിസ്തീർണ്ണമുള്ള മാൾ ഓഫ് മസ്കത്തിൽ ഒമാൻ അക്വേറിയം, ലുലു ഹൈപ്പർമാർക്കറ്റ്, നോവോ സിനിമാസ് അടക്കം ഇരുനൂറോളം റീട്ടെയ്ൽ ഔട്ട്ലെറ്റുകളുണ്ട്.മാൾ ഓഫ് മസ്കത്ത് നടത്തിപ്പ് ചുമതല ലുലു ഗ്രൂപ്പിന് ലഭിച്ചതിൽ ഏറെ സന്തോഷമുണ്ടെന്നും ഇതിനു അവസരം നൽകിയ ഒമാൻ സുൽത്താനും ഒമാൻ ഭരണകൂടത്തിനും എം.എ. യൂസഫലി നന്ദി പറഞ്ഞു. ഒമാൻ സുൽത്താന്റെ ദീർഘവീക്ഷണമുള്ള നയങ്ങൾ കൂടുതൽ നിക്ഷേപങ്ങൾക്ക് വഴിതുറക്കുന്നുവെന്നും മികച്ച നിക്ഷേപസൗഹൃദ സാഹചര്യമാണ്ഒമാനിലുള്ളത്. ദീർഘകാല പ്രാധാന്യത്തോടെയുള്ള പങ്കാളിത്തമാണിതെന്നും ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച ഷോപ്പിംഗ് അനുഭവം ഉറപ്പാകുകയാണ് ലക്ഷ്യമെന്നും യൂസഫലി കൂട്ടിച്ചേർത്തു.ആഗോള നിലവാരത്തിലുള്ള കൂടുതൽ സേവനം ലഭ്യമാക്കാൻ ലുലു ഹോൾഡിങ്ങ്സുമായുള്ള സഹകരണം സഹായമാകുമെന്ന് തമാനി ഗ്ലോബൽ ബോർഡ് മെംബർ അബ്ദുൽ അസീസ് സലിം അൽ മഹ്റുഖി പറഞ്ഞു.







## ടൈ യംഗ് എന്റർപ്രണ്യൂഴ്സ് മൽസരം: തിരുവാങ്കുളം ഭവൻസ് മുൻഷി വിദ്യാശ്രമം ഒന്നാമത്

**കൊച്ചി:** ടൈ കേരള ടൈ യംഗ് എന്റർപ്രണ്യൂഴ്സ് ഫൈനൽ മത്സരത്തിൽ തിരുവാങ്കുളം ഭവൻസ് മുൻഷി വിദ്യാശ്രമത്തിന്റെ ടീം സ്മാർട്ട് ഒന്നാം സ്ഥാനം നേടി. കാക്കനാട് ഭവൻസ് ആദർശ വിദ്യാലയയുടെ ടീം ഐ സേഫ് ആന്റ് സുരക്ഷ രണ്ടാം സ്ഥാനവും തിരുവനന്തപുരം സെന്റ് തോമസ് പബ്ലിക്ക് സ്കൂളിന്റെ ടീം ഗെൻസി നോവ മൂന്നാം സ്ഥാനവും നേടി.

കളമശ്ശേരി സ്റ്റാർട്ടപ്പ് മിഷനിൽ നടന്ന ഫൈനൽ മത്സരത്തിൽ 12 ടീമുകളാണ് പങ്കെടുത്തത്. പാർട്ടോപിയ, വാട്ടർഗാരോ, പികുസ്, കസ്റ്റമൈസ്ഡ് ടി ഷർട്ട്, ബ്രീസിഫയർ, മഷ്റൂം മാനിയ, ഗ്ലോബൽ ജോബ് കണക്ട്, പെഡസ്ട്രിയൻ ഗാർഡിയൻ, പാപിറ റീസൈക്കിൾ എന്നിവയാണ് പങ്കെടുത്ത മറ്റു ടീമുകൾ.ഡൽഹിയിൽ നടക്കുന്ന ഗ്ലോബൽ മത്സരത്തിൽ ടൈ കേരളയെ പ്രതിനിധീകരിച്ച് തിരുവാങ്കുളം ഭവൻസ് മുൻഷി വിദ്യാശ്രമത്തിന്റെ ടീം സ്മാർട്ട് പങ്കെടുക്കും. സിദ്ധാർഥ് എസ് നായർ, നിരഞ്ജന മനയിൽ, വിഷ്ണുദത്തൻ, ഗംഗേഷ് വി മേനോൻ, ദ്യുതി അജേഷ് എന്നിവരാണ് ടീം സ്മാർട്ടിലെ അംഗങ്ങൾ.രാവിലെ നടന്ന ചടങ്ങിൽ ടൈ ഗ്ലോബൽ ചെയർ വിനോദിനി സുകുമാർ ഉദ്ഘാടനം ചെയ്തു. സിലബസിന് പുറത്ത് പഠനം നടത്തി മുമ്പോട്ടു പോകാൻ വിദ്യാർഥികളെ പ്രാപ്തരാക്കുകയാണ് യംഗ് എന്റർപ്രണ്യൂവേഴ്സിലൂടെ ലക്ഷ്യമിടുന്നതെന്ന് വിനോദിനി സുകുമാർ പറഞ്ഞു.ടൈ കേരള പ്രസിഡന്റ് ജേക്കബ് ജോയ് അധ്യക്ഷത വഹിച്ചു. ദീപക് കോര, നിമിഷ രാജു വേലായുധൻ എന്നിവരായിരുന്നു വിധി കർത്താക്കൾ. മാനെ കാൻകറാണ് പരിപാടിയുടെ സ്പോൺസർ.




# എഡ്ജ് 60 സ്റ്റൈലസ് പുറത്തിറക്കി മോട്ടറോള

**കൊച്ചി:** സെഗ്മെന്റിലെ ആദ്യത്തെ ബിൽറ്റ്ഇൻ സ്റ്റൈലസ് പെന്നുമായി മോട്ടറോള എഡ്ജ് 60 സ്റ്റൈലസ് പുറത്തിറക്കി. എഐ സ്കെച്ച് ടു ഇമേജ്, സെഗ്മെന്റിലെ മികച്ച സോണി ലൈറ്റിയ 700സി 50എംപി ക്യാമറ, മോട്ടോ എഐ സവിശേഷതകൾ, 6.7' സൂപ്പർ എച്ച്ഡി 1.5കെ ഫ്ലാറ്റ് ഡിസ്പ്ലേ എന്നിവയെല്ലാം വരുന്നതാണ് എഡ്ജ് 60 സ്റ്റൈലസ്. ഒപ്പം, പ്രീമിയം വീഗൻ ലെതർ ഫിനിഷുള്ള നേർത്ത, ഭാരം കുറഞ്ഞ ഡിസൈനിൽ മികച്ച മിലിട്ടറിഗ്രേഡ് പരിരക്ഷ, ഐപി68 അണ്ടർവാട്ടർ പ്രൊട്ടക്ഷൻ തുടങ്ങിയ സവിശേഷതകളുമുണ്ട്.

സ്കെച്ചിംഗ്, ഫോട്ടോകൾ എഡിറ്റ് ചെയ്യൽ, കുറിപ്പ് എടുക്കൽ എന്നിവയെല്ലാം കൃത്യതയോടെ ചെയ്യുന്ന സ്റ്റൈലസ് പെന്നുമായി വരുന്ന മോട്ടറോള എഡ്ജ് 60 സ്റ്റൈലസിനു വെറും 21,999 മുതൽ വില ആരംഭിക്കുന്നു. 8 ജിബി റാം + 256 ജിബി സ്റ്റോറേജിൽ പാന്റോൺ സർഫ് ദി വെബ്, പാന്റോൺ ജിബ്രാൾട്ടർ സീ എന്നീ നിറങ്ങളിൽ എഡ്ജ് 60 സ്റ്റൈലസ് ഫ്ലിപ്കാർട്ട്, മോട്ടറോള.ഇൻ, റീട്ടെയ്ൽ സ്റ്റോറുകൾ എന്നിവയിൽ ലഭ്യമാണ്.

# ഡിസിബി ബാങ്ക് 177 കോടി രൂപ അറ്റാദായം നേടി

**കൊച്ചി:** ഡിസിബി ബാങ്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ നാലാം ത്രൈമാസത്തിൽ 177 കോടി രൂപ അറ്റാദായം നേടി. അതിനു മുമ്പത്തെ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 156 കോടി രൂപ ആയിരുന്നു അറ്റാദായം. 14 ശതമാനം വളർച്ച രേഖപ്പെടുത്തി. ബാങ്കിൻറെ 2025 സാമ്പത്തിക വർഷത്തെ അറ്റാദായം 615 കോടി രൂപയാണ്. 2024 സാമ്പത്തിക വർഷത്തെ അറ്റാദായമായ 536 കോടി രൂപയിൽ നിന്ന് 15 ശതമാനം വളർച്ചയാണ് കൈവരിച്ചത്. വായ്പ 25 ശതമാനം വാർഷിക വളർച്ച യും നിക്ഷേപം 22 ശതമാനം വാർഷിക വളർച്ച നേടി. മാർച്ച് 31, 2025ലെ കണക്കനുസരിച്ച് ബാങ്കിൻറെ മൊത്തം നിഷ്ക്രിയ ആസ്തി 2.99 ശതമാനവും അറ്റ നിഷ്ക്രിയ ആസ്തി 1.12 ശതമാനവുമാണ്. മൂലധന ശേഷി ശക്തമായ നിലയിൽ തുടരുന്നു. 2025 മാർച്ച് 31ലെ കണക്കനുസരിച്ച് മൂലധന ശേഷി അനുപാതം 16.77 ശതമാനം ആയിരുന്നു.ബാങ്കിന്റെ വായ്പകളിലും നിക്ഷേപങ്ങളിലും വളർച്ച ശക്തമായി തുടരുന്നുവെന്നും നെറ്റ് ഇൻററസ്റ്റ് മാർജിൻ സ്ഥിരത കൈവരിക്കുകയും ഫീസ് വരുമാനം സ്ഥിരമായി വർദ്ധിക്കുകയും ചെയ്യുന്നുണ്ടെന്നും ഡിസിബി ബാങ്ക് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ പ്രവീൺ കുട്ടി പറഞ്ഞു. ഉൽപ്പാദനക്ഷമതയിലെ നേട്ടങ്ങൾ ചെലവ് കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിൽ പ്രതിഫലിക്കുന്നു. വെല്ലുവിളികൾക്കിടയിലും പോർട്ട്ഫോളിയോ ഗുണനിലവാരത്തിൽ സ്ഥിരമായ പുരോഗതി കാണുന്നതിൽ സന്തോഷമുണ്ട്. തങ്ങൾ സ്വീകരിച്ച നടപടികൾ വരും കാലങ്ങളിൽ ഈ പ്രവണതകളെ കൂടുതൽ മെച്ചപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ക്രാഫ്റ്റൺ ഇന്ത്യ ബിജിഎംഐ റൈസിംഗ് പ്രഖ്യാപിച്ചു

**കൊൽക്കത്ത:** ക്രാഫ്റ്റൺ ഇന്ത്യ ഇ സ്പോർട്സ് ബിജിഎംഐ റൈസിംഗ് സ്റ്റാർസ് 2025 പ്രോഗ്രാമിന്റെ ആദ്യ സംഘത്തെ ഔദ്യോഗികമായി പ്രഖ്യാപിച്ചു രാജ്യത്തെ പുതിയ തലമുറയുടെ ഗെയിമിംഗ് ഐക്കണുകളെ കണ്ടെത്താനും വളർത്താനും ലക്ഷ്യമിടുന്നതാണ് ഈ പ്രധാന സംരംഭം.




ഇന്ത്യയിലെ മത്സരഗെയിമുകളുടെ ഏറ്റവും വലിയ വേദികളിലൊന്നായ കൊൽക്കത്തയിലെ ബിജിഐഎസ് ഗ്രാൻഡ് ലാൻ ഫൈനൽസ് 2025ന്റെ ഉദ്ഘാടനദിവസത്തിലാണ് പ്രഖ്യാപനം നടന്നത്. രാജ്യത്തെ മികച്ച 16 ടീമുകൾ 3.2 കോടി എന്ന ഭീമമായ സമ്മാനത്തുകയ്ക്കായി പോരാടുകയാണ്




# ഉത്തര കേരളത്തിലെ ആദ്യ സ്വാപ്പ് ട്രാൻസ്പ്ലാൻറ് രജിസ്ട്രേഷൻ കോഴിക്കോട് ആസ്റ്റർ മിംസിൽ

**കോഴിക്കോട്:** ലോക കരൾ ദിനത്തോട് അനുബന്ധിച്ച് കരൾ മാറ്റ ശസ്ത്രക്രിയക്ക് തയ്യാറാവുന്ന രോഗികൾക്ക് വേണ്ടി ഉത്തര കേരളത്തിലെ ആദ്യ സ്വാപ്പ് ട്രാൻസ്പ്ലാന്റ് രജിസ്ട്രേഷൻ കോഴിക്കോട് ആസ്റ്റർ മിംസിൽ ആരംഭിച്ചു. കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവരും, അവരുടെ ബന്ധുക്കളും ഒത്തുചേർന്ന 'കരളോളം' പരിപാടിയിൽ വെച്ച് പദ്ധതിയുടെ ഉദ്ഘാടനം പ്രശസ്ത സിനിമാ താരം നിർമ്മൽ പാലാഴി നിർവ്വഹിച്ചു. സ്വാപ്പ് ട്രാൻസ്പ്ലാന്റേഷൻ എന്നത് ഒരു രോഗിക്ക് സന്നദ്ധനായ ദാതാവുണ്ടെങ്കിലും അവരുടെ രക്തഗ്രൂപ്പ് പൊരുത്തപ്പെടാത്തപ്പോൾ നടത്തുന്ന ഒരു പ്രക്രിയയാണ്. രണ്ടോ അതിലധികമോ രോഗി - ദാതാവ് ജോഡികൾക്കിടയിൽ ഇത്തരം ബുദ്ധിമുട്ട് നിലനിൽക്കുമ്പോൾ, ദാതാക്കളുടെ രക്തഗ്രൂപ്പ് അനുയോജ്യതയും അവയവ പൊരുത്തവും അടിസ്ഥാനമാക്കി ദാതാക്കളെ പരസ്പരം മാറ്റി സർജറിയിലൂടെ രോഗികളുടെ ജീവൻ രക്ഷിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യംമെന്ന് ഗാസ്ട്രോ & ലിവർ ട്രാൻസ്പ്ലാന്റ് വിഭാഗം മേധാവി ഡോ.സജീഷ് സഹദേവൻ പറഞ്ഞു. നേരിട്ട് ദാനം സാധ്യമല്ലാത്തപ്പോഴാണ് ഈ രീതി പ്രധാനമായും ഉപയോഗിക്കുന്നതെന്നും അദ്ദേഹം കൂട്ടി ചേർത്തു.

ഇന്ത്യയിൽ പ്രതിവർഷം ഏകദേശം 20,000 കരൾ രോഗികൾക്ക് ട്രാൻസ്പ്ലാന്റേഷൻ ആവശ്യമാണ്. എന്നാൽ നിലവിൽ ദാതാക്കളുടെ രക്തഗ്രൂപ്പ് അനുയോജ്യതയും അവയവ പൊരുത്തവും യോജിച്ച് വരാത്തതിനാൽ 2000-ൽ താഴെ മാത്രമേ ലിവർ ട്രാൻസ്പ്ലാന്റുകൾ നടക്കുന്നുള്ളൂ.

പരമാവധി രോഗികളെ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടിയാണ് കോഴിക്കോട് ആസ്റ്റർ മിംസ് സ്വാപ്പ് ട്രാൻസ്പ്ലാൻഷൻ രജിസ്ട്രി സംരംഭം ആരംഭിച്ചതെന്ന് ഗസ്ട്രോസയൻസ് വിഭാഗം മേധാവി ഡോ. അനീഷ് കുമാർ പറഞ്ഞു.

ഇത് രക്തഗ്രൂപ്പിലെ പൊരുത്തക്കേട് കൊണ്ടും അവയവ പൊരുത്തപ്പെടുത്തലുകൊണ്ടും വെല്ലുവിളികൾ നേരിടുന്ന രോഗികളുടെ കാത്തിരിപ്പ് സമയം കുറയ്ക്കുന്നതിന് സഹായിക്കുമെന്നും അദ്ദേഹം കൂട്ടി ചേർത്തു.

ചടങ്ങിൽ മിംസ് സി ഒ ഒ ലുഖ്മാൻ പൊൻമാടത്ത്, ഡോ. അഭിഷേക് രാജൻ,ഡോ.ടോണി ജോസ്, ഡോ. വിഘ്നേഷ് വി, ഡോ.കിഷോർ കാണിച്ചാലിൽ, ഡോ.സീതാ ലക്ഷ്മി, ലിഫോക്ക് സ്റ്റേറ്റ് ചെയർമാൻ രാജേഷ് കുമാർ, ട്രഷറർ ബാബു കുരുവിള തുടങ്ങിയവർ പങ്കെടുത്തു.

# സ്മാർട്ട് ബസാറിന്റെ ഫുൾ പൈസ വസൂൽ സെയിൽ

**കൊച്ചി / മുംബൈ:** സ്മാർട്ട് ബസാറിന്റെ ഫുൾ പൈസ വസൂൽ സെയിൽ ഏപ്രിൽ 30 മുതൽ മെയ് 4 വരെ രാജ്യത്തുടനീളമുള്ള സ്റ്റോറുകളിൽ ആരംഭിക്കും. മികച്ച ഓഫറുകളും ഡിസ്റിലയൻസ് റീട്ടെയിൽ വാല്യൂ ഫോർമാറ്റ് സിഇഒ ദാമോദർ മാൾ പറഞ്ഞു.രാജ്യത്തുടനീളം 930ൽ അധികം സ്മാർട്ട് ബസാർ സ്റ്റോറുകളുള്ള ഈ ഹൈപ്പർമാർക്കറ്റ് റീട്ടെയിൽ ശൃംഖലയിൽ പലചരക്ക് സാധനങ്ങൾ, ഫാഷൻ, ഹോംകെയർ, വീട്ടുപകരണങ്ങൾ എന്നിവ ലഭിക്കും.




'സെയിൽ ഇവന്റുകൾ എല്ലാവർക്കും പ്രിയപ്പെട്ടതാണ്, സ്മാർട്ട് ബസാറിന്റെ ഫുൾ പൈസ വസൂൽ സെയിൽ എല്ലാവരുടെയും ഷോപ്പിംഗ് കലണ്ടറിലെ ഏറ്റവും വലിയ ഒന്നാണ്. ഈ വർഷം, ഞങ്ങളുടെ ഉപഭോക്താക്കൾക്ക് വലിയ ഓഫറുകൾ ഈ അഞ്ച് ദിവസങ്ങളിൽ കണ്ടെത്താനാകും. ഞങ്ങളുടെ ലക്ഷ്യം ലളിതമാണ്, ഓരോ ഉപഭോക്താവും കൂടുതൽ മൂല്യവും വലിയ ലാഭവും പുഞ്ചിരിയോടും കൂടി തിരികെ പോകണമെന്നും'റിലയൻസ് റീട്ടെയിൽ വാല്യൂ ഫോർമാറ്റ് സിഇഒ ദാമോദർ മാൾ പറഞ്ഞു,

# ഇന്ത്യയിലെ ഏറ്റവും സുസ്ഥിര റീട്ടെയിൽ കമ്പനിയായി ആദിത്യ ബിർള ഫാഷൻ ആൻഡ് റീട്ടെയിൽ

**ന്യൂഡൽഹി:** ഇന്ത്യൻ റീട്ടെയിൽ കമ്പനികളിൽ ഒന്നാം സ്ഥാനവും മൊത്തത്തിലുള്ള റീട്ടെയിൽ വിഭാഗത്തിൽ ആഗോളതലത്തിൽ നാലാം സ്ഥാനവും കൈയടക്കി ആദിത്യ ബിർള ഫാഷൻ ആൻഡ് റീട്ടെയിൽ ലിമിറ്റഡ്.

പരിസ്ഥിതി, സാമൂഹിക, ഭരണ (ഇഎസ്ജി) മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് കമ്പനികളെ വിലയിരുത്തുന്ന കോർപ്പറേറ്റ് സുസ്ഥിരതാ പ്രകടനത്തിനുള്ള വ്യാപകമായി അംഗീകരിക്കപ്പെട്ട ഒരു മാനദണ്ഡമാണ് എസ് & പി ഗ്ലോബൽ കോർപ്പറേറ്റ് സസ്റ്റൈനബിലിറ്റി അസസ്മെൻറ് (സിഎസ്എ).

കോർപ്പറേറ്റ് സസ്റ്റൈനബിലിറ്റി അസസ്മെന്റിലെ (സിഎസ്എ) പ്രകടനത്തെ അടിസ്ഥാനമാക്കിയാണ് എസ് & പി ഗ്ലോബൽ സസ്റ്റൈനബിലിറ്റി ഇയർബുക്ക് കമ്പനികളെ വിലയിരുത്തുന്നത്. ആഗോളതലത്തിലും ദേശീയ തലത്തിലും കോർപ്പറേറ്റ് സുസ്ഥിരതാ രീതികൾ പ്രകടിപ്പിക്കുന്ന കമ്പനികളെ ഇത് വേർതിരിക്കുന്നു.

2025ൽ, 62 വ്യവസായങ്ങളിലായി വിലയിരുത്തിയ 7,690 കമ്പനികളിൽ 780 എണ്ണം മാത്രമേ ഇയർബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ, ഇത് സുസ്ഥിരമായ രീതിയിൽ ഒരു മുൻനിര കമ്പനി എന്ന നിലയിൽ എബിഎഫ്ആർഎൽന്റെ സ്ഥാനം ശക്തിപ്പെടുത്തുന്നു.



# ലുലുമാളിൽ ബിഗ് ചോക്കോ ഡേയ്ക്ക് തുടക്കമായി

**കൊച്ചി:** ചോക്ലേറ്റ് പ്രേമികൾക്കായി ലോകത്തിലെ ഏറ്റവും മികച്ച ബ്രാൻഡുകളുടെ ചോക്ലേറ്റുകൾ, വാഫിൾസ്, ഡോനട്ട്സ്, കേക്കുകൾ എന്നിവയുമായി ലുലു ഹൈപ്പർമാർക്കറ്റിൽ ബിഗ് ചോക്കോ ഡേ തുടക്കമായി.

സ്നിക്കേഴ്സ് ഗാലക്സി, നെസ്റ്റ്ലേ, ഫെരേറോ റോച്ചർ, ഡാർക്ക് ഫാന്റസി, ഹെർഷേസ്, ക്യാഡ്ബറി എന്നിവരുമായി സഹകരിച്ചാണ് ബിഗ് ചോക്കോ ഡേ നടത്തുന്നത്. ചോക്കോ ഡേയുടെ ഉദ്ഘാടനം നടി ഗൗരി നന്ദ നിർവഹിച്ചു.

ബ്യൂസ്റ്റ്, യുണിബിക്,പ്യുവര് ഹാർട്ട്, ഒറിയോ, കോപികോ, നൂട്ടില്ല, മിൽക്ക് മിസ്റ്റ് തുടങ്ങി 30 ലധികം ബ്രാൻഡുകൾ പങ്കെടുക്കും.

ചോക്ലേറ്റ് തീമിലുള്ള നിരവധി ഗെയിമുകളും, പുതിയ ചോക്ലേറ്റ് ഉൽപ്പന്നങ്ങളുടെ ലോഞ്ചും നടന്നു. ചോക്ലേറ്റ് ടേസ്റ്റിങ്ങും ചേക്കോ ഡേയുടെ ഭാഗമായി നടക്കും. പ്രീമിയം ഇമ്പോർട്ടഡ് ഡാർക്ക്, മിൽക്ക് വൈറ്റ് തുടങ്ങിയ ചോക്ലേറ്റുകളുടെ വൈവിധ്യമാർന്ന രുചികൾ ആണ് ഉപഭോക്താക്കൾക്കായി തയ്യാറാക്കിയിരിക്കുന്നത്. വിവിധ ചോക്ലേറ്റ് ഉത്പന്നങ്ങൾ 50 ശതമാനം വരെ വിലക്കുറവിൽ ലുലു ഹൈപ്പർമാർക്കറ്റിൽ ലഭ്യമാകുന്നതാണ്.

കൊച്ചി ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, മാൾ മാനേജർ രജീഷ് ചാലുപ്പറമ്പിൽ, ഓപ്പറേഷൻസ് മാനേജർ ഒ. സുകുമാരൻ, ബയ്യിങ് മാനേജർ സന്തോഷ് കൊട്ടാരത്ത് തുടങ്ങിയവർ സന്നിഹിതരായി.

മെയ് നാലിന് ബിഗ് ചോക്കോ ഡേ സമാപിക്കും.

# കാനറ റൊബെക്കോ അസറ്റ് മാനേജ്മെൻറ് കമ്പനി ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ രണ്ടാമത്തെ പഴക്കമേറിയ അസറ്റ് മാനേജ്മെൻറ് കമ്പനിയായ കാനറ റൊബെക്കോ അസറ്റ് മാനേജ്മെൻറ് കമ്പനി ലിമിറ്റഡ് പ്രാഥമിക ഓഹരി വില്പനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. പ്രമോട്ടർമാരുടെ പത്ത് രൂപ മുഖവിലയുള്ള 49,854,357 ഇകിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാനറ ബാങ്കും ഒറിക്സ് കോർപ്പറേഷൻ യൂറോപ്പ് എൻ.വിയുമാണ് കമ്പനിയുടെ പ്രമോട്ടർമാർ.ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ക്യാഷ്ബാക്ക് ഓഫറോടുകൂടി ഫോൺപേ




**കൊച്ചി :** അക്ഷയ തൃതീയയോടനുബന്ധിച്ച് 2424കെ ഡിജിറ്റൽ ഗോൾഡിൽ ക്യാഷ്ബാക്ക് ഓഫറുകൾ പ്രഖ്യാപിച്ച് ഫോൺപേ .ഫോൺപേ പ്ലാറ്റ്ഫോമിൽ കുറഞ്ഞത് 2000 രൂപ മൂല്യമുള്ള ഡിജിറ്റൽ ഗോൾഡ് വാങ്ങുമ്പോൾ ഉപയോക്താക്കൾക്ക് ഫ് ളാറ്റ് 1% ക്യാഷ്ബാക്ക് (2000 രൂപ വരെ) ലഭിക്കും. ഒറ്റത്തവണ ഇടപാടുകൾക്ക് ഏപ്രിൽ 30ന് മാത്രമേ ഈ ഓഫർ ബാധകമാകൂ. യുപിഐ, യുപിഐ ലൈറ്റ്, ക്രെഡിറ്റ് & ഡെബിറ്റ് കാർഡുകൾ, വാലറ്റ്, ഗിഫ്റ്റ് കാർഡുകൾ എന്നിങ്ങനെ വ്യത്യസ്തമായ പേയ്മെന്റ് രീതികളിലൊന്ന് പണമടയ്ക്കാൻ ഉപയോക്താക്കൾക്ക് തിരഞ്ഞെടുക്കാമെന്ന് കമ്പനി അധികൃതർ അറിയിച്ചു.




# എസ്എസ് ഇന്നൊവേഷൻസ് ഇന്റർനാഷണൽ നാസ്ഡാക്കിൽ ലിസ്റ്റ് ചെയ്തു

**കൊച്ചി:** തദ്ദേശീയമായി രൂപകൽപ്പന ചെയ്ത എസ്എസ്ഐ മന്ത്ര സർജിക്കൽ റോബോട്ടിക് സിസ്റ്റത്തിന്റെ നിർമാതാക്കളായ എസ്എസ് ഇന്നൊവേഷൻസ് ഇന്റർനാഷണൽ അമരിക്കൻ സ്റ്റോക്ക് മാർക്കറ്റായ നാസ്ഡാക്കിൽ ലിസ്റ്റു ചെയ്തു. കമ്പനിയുടെ ഓഹരികൾ 'എസ്എസ്ഐഐ' എന്ന ടിക്കർ ചിഹ്നത്തിൽ ലിസ്റ്റുചെയ്തു കൊണ്ട് 2025 ഏപ്രിൽ മാസത്തിൽ വ്യാപാരം ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. പുതിയ നേട്ടത്തോടെ എസ്എസ് ഇന്നൊവേഷൻസ് ഇന്റർനാഷണൽ ആഗോള വിപുലീകരണത്തിന് ഒരുങ്ങുകയാണെന്ന് കമ്പനി വൃത്തങ്ങൾ അിയിക്കുന്നു.2023നെ അപേക്ഷിച്ച് 3.5 മടങ്ങ് വർധനയോടെ എസ്എസ് ഇന്നൊവേഷൻസ് ഇന്റർനാഷണലിന്റെ വരുമാനം 2024 ൽ 20.6 മില്യൺ ഡോളറായി ഉയർന്നു. എസ്എസ് ഇന്നൊവേഷൻസ് ഇന്റർനാഷണൽ 2024 ഡിസംബർ 31 ന് അവസാനിച്ച വർഷത്തിൽ ശ്രദ്ധേയമായ സാമ്പത്തിക വളർച്ചയോടെ 20.6 ദശലക്ഷം ഡോളറിലെത്തി. 200+ റോബോട്ടിക് കാർഡിയാക് നടപടിക്രമങ്ങൾ ഉൾപ്പെടെ എസ്എസ്ഐ മന്ത്രം ഉപയോഗിച്ച് 3,700ലധികം ശസ്ത്രക്രിയകളാണ് നടത്തിയിട്ടുള്ളത്. ഇന്ത്യയിലെ 75 ഇടങ്ങളിലായി 80 ആശുപത്രികളിൽ സ്ഥാപിച്ചിരിക്കുന്ന പേറ്റന്റ് നേടിയ എസ്എസ്ഐ മന്ത്ര സർജിക്കൽ റോബോട്ടിക് സിസ്റ്റം ഉപയോഗിച്ച് നേപ്പാൾ, ഇക്വഡോർ, ഗ്വാട്ടിമാല, ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, ഉക്രെയ്ൻ എന്നിവയുൾപ്പെടെയുള്ള രാജ്യങ്ങളിൽ പ്രവർത്തനം വ്യാപിപ്പിച്ചുനാസ്ഡാക്കിലേക്കുള്ള പ്രവേശനത്തിൽ വളരെയധികം സന്തോഷമുണ്ടെന്ന് എസ്എസ് ഇന്നൊവേഷൻസ് ഇന്റർനാഷണൽ സ്ഥാപകനും ചെയർമാനും സിഇഒയുമായ ഡോ സുധീർ ശ്രീവാസ്തവ പറഞ്ഞു. 'നാസ്ഡാക്കിലേക്ക് ലിസ്റ്റ് ചെയ്യുന്നത് എസ്എസ് ഇന്നൊവേഷൻസ് ഇന്റർനാഷണലിനെ സംബന്ധിച്ചിടത്തോളം ആവേശകരമായ ഒരു നാഴികക്കല്ലാണ്, ലോകോത്തര എസ്എസ്ഐ മന്ത്ര സർജിക്കൽ റോബോട്ടിക് സിസ്റ്റം വികസിപ്പിക്കുന്നതിൽ തങ്ങളുടെ ടീമിന്റെ നേട്ടങ്ങളെ പ്രതിഫലിപ്പിക്കുന്നു. ഈ സംവിധാനം ഉയർന്ന നിലവാരം, സുരക്ഷ, കാര്യക്ഷമത, താങ്ങാനാവുന്ന വില എന്നിവ വാഗ്ദാനം ചെയ്യുന്നു, ഇത് ആഗോളതലത്തിൽ വിശാലമായ രോഗികൾക്ക് അത്യാധുനിക റോബോട്ടിക് ശസ്ത്രക്രിയാ നടപടിക്രമങ്ങൾ പ്രാപ്തമാക്കുമെന്നും അദ്ദേഹം പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com